## ഹദീസ്

ഫാത്വിമ കോയക്കുട്ടി

# പശ്ചാത്താപം അല്ലാഹുവിനെ അത്രയധികം സന്തോഷിപ്പിക്കും

وعن  أنسِ بنِ مالكٍ الأنصاريِّ- خادِمِ رسولِ الله صلى الله عليه وسلم رضي الله عنه- قَالَ: قَالَ رَسُولُ الله صلى الله عليه وسلم:  للهُ أَشَدُّ فَرَحًا بِتَوبَةِ عَبْدِهِ حِينَ يتوبُ إِلَيْهِ مِنْ أَحَدِكُمْ كَانَ عَلَى رَاحِلَتِهِ بِأَرضٍ فَلاةٍ، فَانْفَلَتَتْ مِنْهُ وَعَلَيْهَا طَعَامُهُ وَشَرَابُهُ فَأَيِسَ مِنْهَا، فَأَتَى شَجَرَةً فاضطَجَعَ في ظِلِّهَا وقد أَيِسَ مِنْ رَاحِلَتِهِ، فَبَينَما هُوَ كَذَلِكَ إِذْ هُوَ بِهَا قائِمَةً عِندَهُ، فَأَخَذَ بِخِطامِهَا، ثُمَّ قَالَ مِنْ شِدَّةِ الفَرَحِ: اللَّهُمَّ أَنْتَ عَبدِي وأنا رَبُّكَ! أَخْطَأَ مِنْ شِدَّةِ الفَرَحِ

**നബി(സ)യുടെ സേവകൻ അനസുബ്നു മാലികി(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: ''മരുഭൂമിയിൽ വെച്ച് തന്റെ ഭക്ഷണവും വെള്ളവുമുള്ള ഭാണ്ഡവുമായി തന്റെ ഒട്ടകം വഴിതെറ്റി പോകുന്നു. അന്വേഷിച്ച് നിരാശനായി തളർന്ന് അയാൾ ഒരു മരച്ചുവട്ടിൽ അവശനായി ഇരിക്കുന്നു. അങ്ങനെ അയാൾ ഉറങ്ങിപ്പോവുന്നു. ഉണർന്നു നോക്കുമ്പോൾ തന്റെ മുമ്പിലതാ ആ ഒട്ടകം വന്നു നിൽക്കുന്നു! അതിന്റെ കയർ കൈയിലെടുത്ത് സന്തോഷാതിരേകത്താൽ അയാൾ ഇങ്ങനെ പറഞ്ഞുപോയി. 'പടച്ചവനേ, നീയെന്റെ അടിമ, ഞാൻ നിന്റെ രക്ഷിതാവ്!' സന്തോഷാധിക്യത്താൽ തെറ്റിച്ചാണല്ലോ അയാൾ പറഞ്ഞിരിക്കുന്നത്. തദവസരത്തിൽ ആ മനുഷ്യന് ഉണ്ടാകുന്ന  സന്തോഷത്തേക്കാളധികമാണ് തന്റെ ദാസൻ തന്നിലേക്ക് തൗബ ചെയ്തു മടങ്ങുമ്പോൾ അല്ലാഹുവിനുണ്ടാകുന്നത്'' (മുസ്‌ലിം).**

തൗബയുടെ പ്രാധാന്യം വ്യക്തമാക്കിത്തരുന്ന ഒരു നബിവചനമാണിത്. ഇന്ന് ലോകജനത ഒന്നടങ്കം വലിയ വേവലാതിയിലും അങ്കലാപ്പിലുമാണ്. കാരണം നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്ത ഒരു കുഞ്ഞു വൈറസാണ് ലോകം വാഴുന്നത്. എല്ലാവരും അതിനോട് പൊരിഞ്ഞ പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ നാം കാണുന്നത് മനുഷ്യന്റെ നിസ്സഹായാവസ്ഥയും അല്ലാഹുവിന്റെ ശക്തിവിശേഷവുമാണ്. മനുഷ്യൻ എന്തു തന്നെ വെട്ടിപ്പിടിത്തങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും, എന്തെന്ത് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും അല്ലാഹുവിന്റെ അടുത്തുള്ളതുമായി താരതമ്യം ചെയ്യുമ്പോൾ അവ ഒന്നുമല്ലെന്നു കാണാം.

അല്ലാഹുവുമായി അകമഴിഞ്ഞ ഒരു ബന്ധമുണ്ടെങ്കിൽ ഇതൊക്കെ അല്ലാഹുവിന്റെ അടുത്തു നിന്നുള്ള ഒരു പരീക്ഷണം മാത്രമാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു.

വിശുദ്ധ ഖുർആനിൽ ആദമിന്റെയും ഹവ്വയുടെയും ചരിത്രം വിവരിക്കുമ്പോൾ അവർ നടത്തിയ പശ്ചാത്താപത്തെക്കുറിച്ച് പ്രത്യേകം പറയുന്നുണ്ട്. ആ പശ്ചാത്താപത്തിന്റെ വാക്കുകൾ ഖുർആൻ ഉദ്ധരിക്കുന്നു:

''ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടു തന്നെ അക്രമം ചെയ്തിരിക്കുന്നു. ഞങ്ങൾക്കു നീ പൊറുത്തുതരികയും കരുണ ചെയ്യുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ പരാജയപ്പെട്ടവരിൽ ഉൾപ്പെട്ടുപോകുന്നതാണ്.''

അവരുടെ തെറ്റ് അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തു. അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണ്. ഏതു പ്രതിസന്ധി ഘട്ടത്തിൽ പ്രാർഥിച്ചാലും നമുക്ക് അല്ലാഹുവിന്റെ സഹായവും ആശ്വാസവും ലഭിക്കും. നമ്മുടെ ഓരോ നിമിഷവും അല്ലാഹുവിന്റെ കാരുണ്യത്തെ ആശ്രയിച്ചിരിക്കുന്നു. യഥാർഥത്തിൽ ഒന്നും നമ്മുടെ കൈയിലില്ല.

നാം ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് ഒരു ആപദ് ഘട്ടത്തിലൂടെ തന്നെയാണ്. അല്ലാഹുവിനോട് തൗബ ചെയ്ത് അവനോട് അടുക്കേണ്ട സമയം. നമ്മുടെ അടുത്തു നിന്ന് വന്നുപോയ തെറ്റുകുറ്റങ്ങൾ ഏറ്റുപറഞ്ഞ് അല്ലാഹുവിനോട് പശ്ചാത്തപിച്ചു മടങ്ങാനുള്ള അവസരമാണിത്. അല്ലാഹുവിന്റെ കാരുണ്യത്തിൽ നാം പ്രതീക്ഷ കൈവിടാൻ പാടില്ല. നബി (സ) ഒരു ദിവസം നൂറു പ്രാവശ്യം തൗബ ചെയ്തിരുന്നുവെന്ന് ഹദീസുകളിൽ കാണാം.

പൊതുവെ മനുഷ്യമനസ്സ് തിന്മകളിലേക്ക് ഊളിയിടാൻ താൽപര്യപ്പെടുന്നുണ്ട്. വിശുദ്ധ ഖുർആൻ തന്നെ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. സാഹ

ചര്യങ്ങളും ജീവിത ചുറ്റുപാടുകളും അനുകൂലമായി വരുമ്പോൾ മനുഷ്യൻ തിന്മകളിൽ അകപ്പെട്ടുപോകുന്നു. ഇവിടെ മനസ്സംസ്കരണവും ആത്മനിയന്ത്രണവും സ്വായത്തമാക്കി തിന്മകളിൽനിന്ന് അകന്നുകഴിയുന്നവനാണ് അന്തിമവിജയം കൈവരിക്കുക. അറിഞ്ഞോ അറിയാതെയോ ഒരു തെറ്റു സംഭവിച്ചുപോയതിന്റെ പേരിൽ ഒരാളെ പാടേ ഉപേക്ഷിക്കുകയും നരകാവകാശിയായി മുദ്രകുത്തുകയും ചെയ്യുന്ന രീതി ഇസ്‌ലാമിലില്ല. തെറ്റുകളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുന്നവരെയാണ് അല്ലാഹുവിന് ഇഷ്ടം. ''തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെയും ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു'' (2:222).

ഖുർആനിൽ മറ്റൊരിടത്ത് ഇങ്ങനെ കാണാം: ''സ്വദേഹത്തോട് അതിക്രമം പ്രവർത്തിച്ച എന്റെ അടിമകളേ, നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ നിരാശരാകരുത്. നിശ്ചയം, അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുതരുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാണ്'' (39:53).

നബി (സ) പറഞ്ഞിട്ടുണ്ട്: 'ആദം മക്കൾ തെറ്റു ചെയ്തുപോകുന്നവരാണ്. പക്ഷേ അവരിലേറ്റവും ശ്രേഷ്ഠർ പശ്ചാത്തപിച്ചു മടങ്ങുന്നവരാണ്.'

നമ്മൾ ചെയ്യുന്ന എല്ലാ തെറ്റുകൾക്കും തൗബയുണ്ട്. അതെത്ര ഗുരുതരമാണെങ്കിലും. കാരണം തൗബ അല്ലാഹുവിലേക്കുള്ള തിരിച്ചുവരവാണ്. തെറ്റു ചെയ്യുന്ന ദാസൻ അതിൽനിന്നെല്ലാം മോചിതനായി പുതിയ ജീവിതത്തിലേക്ക് തിരിച്ചുവരികയാണ് തൗബ.

അല്ലാഹുവിന് തന്റെ ദാസൻ തിരിച്ചുവരുന്നത് അതിയായ സന്തോഷമാണ്. അത് മനോഹരമായ ഒരു ഉപമയിലൂടെ ചിത്രീകരിക്കുകയാണ് ഈ ഹദീസിൽ. ഒരാൾ ഒരു ഒട്ടകവുമായി മരുഭൂമിയിലൂടെ സഞ്ചരിക്കുകയാണ്. ആ ഒട്ടകത്തിന്റെ പുറത്താണ് അയാളുടെ വെള്ളവും ഭക്ഷണവും മറ്റു സാമഗ്രികളുമൊക്കെ. അതിവിജനമായ മരുഭൂമിയിലൂടെ സഞ്ചരിക്കവെ, അയാൾ ഒട്ടകത്തെ ഒരു ഭാഗത്ത് നിറുത്തി, തൊട്ടരികെ കിടന്ന് ഒന്നു വിശ്രമിച്ചു. അങ്ങനെ ഉറങ്ങിപ്പോവുകയും ചെയ്തു. ഉണർന്നു നോക്കിയപ്പോൾ തന്റെ ഒട്ടത്തെ കാണുന്നില്ല. അയാൾ അങ്ങേയറ്റം നിരാശനായി നിലവിളിച്ചു. കാരണം തന്റെ ഭക്ഷണവും വെള്ളവും എല്ലാം ഒട്ടകപ്പുറത്താണ്. ഒട്ടകത്തെ കണ്ടില്ലെങ്കിൽ മരുഭൂമിയിൽ കിടന്ന് ദാഹിച്ചും വിശന്നും മരിക്കുകയേ നിവൃത്തിയുള്ളൂ. കടുത്ത നിരാശയിലും വേദനയിലും ആ മനുഷ്യൻ വീണ്ടും മരത്തിന്റെ ചുവട്ടിൽ കിടന്നു. പിന്നെ കണ്ണുതുറന്നപ്പോൾ, അതാ തനിക്കു നഷ്ടപ്പെട്ട ഒട്ടകം തിരിച്ചുവന്നിരിക്കുന്നു! സന്തോഷത്തോടെ ചാടിയെഴുന്നേറ്റ് അയാൾ ഒട്ടകത്തിന്റെ കയർ പിടിച്ചു. എന്നിട്ട് സന്തോഷാധികൃത്താൽ അയാൾ വിളിച്ചുപറഞ്ഞു: 'അല്ലാഹുവേ ഞാനാണ് നിന്റെ നാഥൻ! നീ എന്റെ ദാസനാണ്!'

മനസ്സിൽ സന്തോഷം തിരതല്ലിയപ്പോൾ പറഞ്ഞത് മാറിപ്പോയതാണ്. പറയേണ്ടിയിരുന്നത്, 'അല്ലാഹുവേ നീയാണ് എന്റെ റബ്ബ് .......' എന്നായിരുന്നു. പക്ഷേ സന്തോഷാധികൃത്താൽ നാക്കു പിഴച്ചുപോയി! ജീവൻ തിരിച്ചുകിട്ടിയതുപോലെ അത്രയേറെ സന്തോഷമാണ് അയാൾക്കുണ്ടായത്. ഇതുപോലെയാണ് തെറ്റുകളും കുറ്റങ്ങളും ചെയ്ത് വഴിതെറ്റിപ്പോയ ദാസൻ അല്ലാഹുവിലേക്ക് തിരിച്ചുവരുമ്പോൾ അല്ലാഹുവിനുണ്ടാകുന്ന സന്തോഷം. ●